**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1692** **13-02-2025 - ൽ മറുപടിയ്ക്ക്**

**പുനലൂർ ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ ഗവൺമെൻറ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്ന വിഷയത്തിൽ 02.09.2024-ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടം, ഇൻഫ്രാസ്ട്രക്ചർ എന്നിവ ലഭ്യമാക്കുന്നതും വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കേണ്ടതും ജില്ലാ പഞ്ചായത്ത് ആണ്. |
| (സി) | പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴയിൽ ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിനെ ഗവൺമെൻറ് പോളിടെക്നിക് കോളേജ് ആയി ഉയർത്തുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | കുളത്തൂപ്പുഴ സാം ഉമ്മൻ മെമ്മോറിയൽ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ ഒരു പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിയ്ക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം തുടങ്ങണമെന്ന ആവശ്യം സി-ആപ്റ്റിന്റെ 41-മത് ഗവേണിംഗ് ബോഡി യോഗം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു |
| (ഇ) | 2023-24 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന സി-ആപ്റ്റിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഭരണാനുമതിക്ക് സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഭരണാനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ഇ) | 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന സി-ആപ്റ്റിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മറ്റു സാങ്കേതിക തടസ്സങ്ങൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പുനലൂർ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ നിന്നും മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ **02.09.2024, 3.30 P.M** ന് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>

യോഗം ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഉച്ചയ്ക്ക് ശേഷം **3.30** ന് ആരംഭിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

ശ്രീ. അജയൻ സി, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

ഡോ. ഷാലിജ് പി. ആർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

ശ്രീ. വൈ. വിജയകുമാർ, സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്

ശ്രീമതി. ആശ എ. കെ, ഡെപ്യൂട്ടി സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

ശ്രീമതി. ഷിനി ആർ, ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ്

ശ്രീമതി. പ്രീത വി. ജെ, സൂപ്രണ്ട്, പുനലൂർ ജി.സി.ഐ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പുനലൂർ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്ന വാടകകെട്ടിടത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സൂപ്രണ്ട് ആമുഖമായി വിശദീകരിച്ചു. കൊല്ലം,പത്തനംതിട്ട ജില്ലകളിലെ ഒരേയൊരു ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടായ ഈ സ്ഥാപനത്തിൽ **120** വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. **85 %** പെൺകുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. വളരെ പരിമിതമായ സാഹചര്യത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. പ്രസ്തുത കോഴ്സിന്റെ സിലബസ് റിവിഷൻ നടന്നതിനാൽ അടിയന്തരമായി കമ്പ്യൂട്ടർ ലാബുകൾ സജ്ജികരിക്കേണ്ടതായുണ്ട്. ആയതിനുള്ള സൗകര്യങ്ങൾ നിലവിലെ കെട്ടിടത്തിൽ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്നും അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കൊല്ലം ജില്ലയിൽ സ്ഥാപനം മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യത യോഗം പരിശോധിച്ചു. നിലവിൽ സ്ഥലം

ലഭ്യമായ കുളത്തുപ്പുഴ ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ കോംപൗണ്ടിലേക്ക് സ്ഥാപനം മാറ്റുന്നത് പ്രായോഗികമല്ല. വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിൽ സ്ഥാപനം മാറ്റുന്നതിനാവശ്യമായ സൗകര്യം ലഭ്യമല്ല. പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ അടിസ്ഥാനസൗകര്യ വികസനം കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള വിഷയമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ള കെട്ടിടത്തിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുവാൻ കഴിയില്ല. ആയതിനാൽ പുനലൂർ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്ന് അടിയന്തരമായി മാറ്റി സ്ഥാപിക്കണമെന്ന് യോഗം വിലയിരുത്തി.

<u>വിശദമായ ചർച്ചയ്ക്ക് ശേഷം യോഗം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.</u>

**1.**പുനലൂർ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് മാറ്റി സ്ഥാപിക്കുന്നതിനായി പുനലൂർ നിയോജക മണ്ഡലത്തിൽ തന്നെയുള്ള അഞ്ചൽ പോലെയുള്ള സ്ഥലങ്ങളിലോ അനുയോജ്യമായ സമീപസ്ഥലങ്ങളിലോ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ ഒരു മാസത്തിനുള്ളിൽ പുനലൂർ ജി.സി.ഐ/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**2.**പുനലൂർ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ നിന്ന് മാറ്റുന്ന വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് അടുത്ത കമ്മറ്റിയിൽ തന്നെ വിഷയം ഉൾപ്പെടുത്തി തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ കൊല്ലം ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**Extract of the Minutes of the 41st meeting of the Governing Body of the Kerala State Centre for Advanced Printing & Training (C-apt) Layam Hall, Secretariat Annexe II (03.00 p.m. on 11th January 2023)**

**Item No.GB 41/23/17** **Opening a Sub Centre/Extension Centre in Anchal - reg**

The Governing Body discussed the matter in detail and accorded permissive sanction to open a Unit in Anchal in the land owned by the Centre. The sanction is subject to the condition that the Centre has no financial commitment in this process. The Governing Body also directed the Centre to approach the Hon'ble MLA of Punalur constituency for the disbursement of fund from the MLA Fund for the opening of Unit.

| | | |
|---|---|---|
| Sd/- | Sd/- | Sd/- |
| Dr. R. Bindu | Smt. Ishita Roy IAS | Dr. P. Suresh kumar |
| Chairman, C-apt | Vice Chairman, C-apt | Managing Director, C-apt |